**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **08-12-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിലവിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നടക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ; | (ബി) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കാലാകാലങ്ങളിൽ കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും, അനധികൃത നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും അനധികൃത താൽക്കാലിക നിയമനങ്ങൾ നടത്തുന്നുവെന്ന ആക്ഷേപം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് നിഷ്കർഷിക്കും പ്രകാരവും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരവും നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | താൽക്കാലിക നിയമനങ്ങൾ എത്ര കാലത്തേക്കാണ് നടത്താറുള്ളത്; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ഡി) | നിലവിലുള്ള നിയമപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം പരമാവധി 179 ദിവസത്തേക്കാണ്. ദിവസവേതനം, പ്രതിമാസവേതനം, സ്ഥിരമാകാൻ സാധ്യതയുള്ള താത്കാലിക ഒഴിവുകൾ എന്നിങ്ങനെ അതത് സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂളുകൾക്ക് വിധേയമായും സർക്കാർ ഉത്തരവുകൾക്ക് വിധേയമായും ഒരു നിശ്ചിത കാലാവധി കണക്കാക്കി വകുപ്പുകൾ/സ്ഥാപനങ്ങൾ അറിയിക്കുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ച് പോരുന്ന സാമുദായിക സംവരണ പട്ടിക അനുസരിച്ച് സീനിയോറിറ്റി, യോഗ്യത, വയസിളവ്, സംവരണം, മുൻഗണന മറ്റ് മാനദണ്ഡങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യരായ ഉദ്യോഗാർഥികളുടെ നാമനിർദ്ദേശ പട്ടിക തയാറാക്കി ഉദ്യോഗദായകന് നൽകുക എന്നതാണ് എംപ്ലോയ്മെന്റ് വകുപ്പിന്റെ ചുമതല .ആയതിൽ നിന്നും അതാതു സ്ഥാപനങ്ങളുടെ നിയമന മാനദണ്ഡങ്ങൾക്കനുസൃതമായി ടെസ്റ്റ്/ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകുന്നത് ഉദ്യോഗദായകരാണ് .179 ദിവസത്തിന് ശേഷവും ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ഒഴിവുകൾ മുൻകൂട്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നികത്തുന്നതിനാണ് വ്യവസ്ഥ. |
| (ഇ) | ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യാത്തത് കൊണ്ടാണോ എക്സ്ചേഞ്ച് വഴിയല്ലാതെ ഇപ്രകാരം നിയമനങ്ങൾ വ്യാപകമായി നടക്കുന്നത്; വിശദമാക്കുമോ? | (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ച് പോരുന്ന സാമുദായിക സംവരണ പട്ടിക അനുസരിച്ച് സീനിയോറിറ്റി,യോഗ്യത, വയസിളവ് ,സംവരണം,മുൻഗണന മറ്റ് മാനദണ്ഡങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യരായ ഉദ്യോഗാർഥികളുടെ നാമനിർദ്ദേശ പട്ടിക തയാറാക്കി ഉദ്യോഗദായകന് യഥാസമയം എംപ്ലോയ്മെന്റ് വകുപ്പ് നൽകുന്നുണ്ട്. എന്നാൽ അനധികൃത നിയമനങ്ങൾ നടത്തുന്നതായി വ്യക്തികൾ/സംഘടനകൾ പരാതി |

| | | | |
|---|---|---|---|
| | | | നൽകുകയോ, വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്യുന്ന പക്ഷം വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും, അനധികൃത നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ